# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

06-03-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 126

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. വി. എസ്. ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഉദ്ഘാടന ദിവസം മുതൽ ആയിരം ദിവസത്തിനകം പ്രസ്തുത തുറമുഖത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നും കപ്പലുകൾ അടുക്കുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 1460 ദിവസം (4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ നിർമ്മാണം 1000 ദിവസം കൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. അപ്രതീക്ഷിതമായ ചില പ്രയാസങ്ങൾ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതുകൊണ്ട് 1000 ദിവസം കൊണ്ട് (കരാർ കാലാവധിക്കു മുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം സംശയമാണ്. അതേസമയം, കരാറിൽ വ്യവസ്ഥ ചെയ്ത സമയത്ത് തന്നെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം പ്രസ്തുത തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം മന്ദീഭവിച്ചുവെന്ന് കരുതുന്നുണ്ടോ ; പദ്ധതിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ ; | (ബി) ഇല്ല. എന്നാൽ താഴെ പറയുന്ന കാരണങ്ങൾ നിർമ്മാണ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br><br>1) കേരള തീരത്ത് 2017, നവംബർ 30 ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ബ്രേക് വാട്ടറിൽ ഇട്ടിരുന്ന കല്ലുകൾക്ക് സ്ഥാനചലനം സംഭവിക്കുകയും, റിക്ലയിം ചെയ്ത മണ്ണിന്റെ ചില ഭാഗങ്ങൾ ഒലിച്ചുപോവുകയും ബെർത്തിന്റെ പ്ളാറ്റ്ഫോമിന് കേടുവരുകയും ചെയ്തു. നിർമ്മാണ പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്ന 2 ഡ്രെഡ്ജറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ റിക്ലമേഷൻ ജോലികൾ താത്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നു. ഇവയുടെ അറ്റകുറ്റ പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാനുള്ള ശ്രമം നടത്തിവരുന്നു. ഇവയ്ക്ക് പകരം പുതിയ ഡ്രഡ്ജറുകൾ ഉപയോഗിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. |

| | |
|---|---|
| | 2.) Mines and Minerals (Development & Regulation) Act-ൽ വന്നിട്ടുള്ള ഭേദഗതി മൂലം പാറ ലഭിക്കുന്നതിനുള്ള പ്രയാസവും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തുന്നുണ്ട്. |
| (സി) മൂവായിരത്തി ഒരുനൂറ് മീറ്റർ നീളമുള്ള പുലിമുട്ടിൽ ഇതുവരെ എത്ര മീറ്റർ നിർമ്മാണം പൂർത്തിയായി ; പ്രസ്തുത പ്രവർത്തനം തടസ്സപ്പെടുന്നതിനുള്ള കാരണമെന്താണ് ; വിശദീകരിക്കാമോ ; | (സി) ഏകദേശം 600 മീറ്റർ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയായി. കരാറുകാർക്ക് പാറ ലഭിക്കുന്നതിനുള്ള പ്രയാസവും ഓഖി ചുഴലിക്കാറ്റും നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. |
| (ഡി) തടസ്സങ്ങൾ നീക്കി കേരളത്തിന്റെ ഈ സ്വപ്ന പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ ? | (ഡി) ഡ്രഡ്ജറുടെ അറ്റകുറ്റ പണികൾ അടിയന്തിരമായി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമം നടത്തിവരുന്നു. കേടായ ഡ്രഡ്ജറുകൾക്ക് പകരം പുതിയ ഡ്രഡ്ജറുകൾ ഉപയോഗിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. പാറ ലഭിക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തമിഴ് നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ